# ഒരു മോഴയുടെ നൊമ്പരം



കൂട്ടുകാരേ, ഞാനൊരു ആനയാണ്. എനിക്ക് രണ്ടുവയസ്സുള്ളപ്പോഴാണ് യജമാനൻ എന്നെ വാങ്ങിയത്. വളരെ വാത്സല്യത്തോടെ എന്നെ വാങ്ങിയത് ഒരമ്പലത്തിൽ എന്നെ നടയിരുത്താനായിരുന്നു. ഞങ്ങളെ അമ്പലത്തിലേക്ക് കൊടുക്കുന്നതിനെയാണ് നടയ്ക്കിരുത്തുക എന്നു പറയുന്നത്. ഞാൻ വളരെയധികം സന്തോഷത്തോടെ നടന്നു. യജമാനന്റെ മക്കളുമായി നല്ല ചങ്ങാത്തത്തിലായി.

അവരോടൊപ്പം ഞാനും ആ മുറ്റത്തൊക്കെ കളിച്ചു നടക്കും. അമ്പലത്തിലേക്കുള്ള ആനയായതിനാൽ എന്നെ വളരെ ശ്രദ്ധിച്ചാണ് വളർത്തിയിരുന്നത്. സമയാസമയത്ത് ഭക്ഷണവും വെള്ളവും കിട്ടിയിരുന്നു. കുളിക്കാൻ അടുത്ത് നല്ലൊരു കുളവും ഉണ്ടായിരുന്നു. പതുക്കെപ്പതുക്കെ ഞാൻ അവിടെയുള്ള ഇടവഴിയിലൊക്കെ ഇറങ്ങി നട



» 1924-ൽ 'അൽ അമീൻ' എന്ന പത്രം ആരംഭിച്ചത്- മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്

ക്കാൻ തുടങ്ങി. അയൽ വീട്ടുകാർക്കൊക്കെ എന്നെ വലിയ ഇഷ്ടമായിരുന്നു. അവരും എനിക്ക് പഴവും ശർക്കരയും എല്ലാം തരുമായിരുന്നു.



എവിടെപ്പോയാലും സന്ധ്യയാകുമ്പോൾ ഞാൻ വീട്ടിലെത്തിയിരുന്നു. അതുകൊണ്ട് എന്നെ ചങ്ങലയിട്ട് കെട്ടിയിടാറില്ലായിരുന്നു. അങ്ങനെ ഞാൻ വളർന്നു വലുതായി. പക്ഷേ കൂട്ടുകാരേ എന്റെ കൊമ്പുമാത്രം വലുതായില്ല! നടയ്ക്കിരുത്താനുള്ള ദിവസം അടുത്തുവന്നു.

അമ്പലത്തിൽ നടയ്ക്കിരുത്തിക്കഴിഞ്ഞാൽ ഭഗവാന്റെ തിടമ്പും വെച്ച് ഉത്സവത്തിനൊക്കെ നല്ലഗമയിൽ എഴുന്നെള്ളത്തിനു പോകുന്നത് ഞാൻ സ്വപ്നംകണ്ടു. ഞാൻ ആ ദിവസം വരുവാനായി കാത്തിരുന്നു. അങ്ങനെ ആ ദിവസം വന്നെത്തി. പക്ഷേ എല്ലാ സ്വപ്നങ്ങളും തകർന്നത് എന്തുപെട്ടെന്നായിരുന്നെന്നോ?

ആനയുടെ ലക്ഷണം അറിയാവുന്ന ഒരാൾ അന്നു കാലത്ത് വീട്ടിൽ വന്നു. എന്നിട്ടു പറഞ്ഞു; എന്നെ നടയ്ക്കിരുത്തുവാൻ കൊള്ളുകില്ലെന്ന്. കാരണം എന്തെന്നോ, ഞാനൊരു മോഴയാണെന്ന്. എന്നുപറഞ്ഞാൽ കൊമ്പില്ലാത്തയിനം ആണാനയാണെന്ന്. അങ്ങനെയുള്ള ആനയെ നടയ്ക്കിരുത്തുകയില്ലെന്ന്. നിങ്ങളൊന്നോർത്തു നോക്കിയേ എന്റെ സങ്കടം! എന്റെ സങ്കടം ഞാനാരോടു പറയാൻ!!

✦

**• കുസുമം**